മലയാളസാഹിത്യത്തിലെ ആധുനികതാവാദവും നിരൂപണവും ഒരു വിമർശനാത്മക പഠനം

ആമുഖം

മലയാളത്തിൽ പ്രബലമായിരുന്നതും ഇന്നു സാഹിത്യചരിത്രത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞതുമായ ഭാവുകത്വമാണ് ആധുനികതാവാദം. പിന്തുടർന്നുപോന്ന ആവിഷ്കരണരീതികളിൽ നിന്നുള്ള വ്യതിചലനമായിരുന്നു അത്. മലയാളസാഹിത്യരംഗത്ത് തങ്ങളുടെ സർഗരചനകൾകൊണ്ട് സ്വന്തമായൊരു സ്ഥാനം കണ്ടെത്താൻ ആധുനിതാവാദസാഹിത്യകാരന്മാർക്കു സാധിച്ചു. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിലും എഴുപതുകളിലും സജീവമായിരുന്ന ആധുനികതാവാദപ്രവണതകളോട് ഇണങ്ങിയും പിണങ്ങിയും ബന്ധപ്പെട്ടുകൊണ്ടാണ് പിൽക്കാല ആവിഷ്കരണങ്ങൾ വന്നിട്ടുള്ളതെന്നും നമുക്കു കാണാൻ സാധിക്കും.

ആയിരത്തിത്തൊള്ളായിരത്തി അറുപതുകളും എഴുപതുകളുമായിരുന്നു മലയാളസാഹിത്യത്തിലെ ആധുനികതാവാദത്തിന്റെ കാലമായി കരുതപ്പെട്ടത്. കഥയും നോവലും കവിതയും നാടകവുമെല്ലാം പുതിയ വഴികൾ അന്വേഷിച്ചു. ജീവിതം മാറിയതിനൊപ്പം സാഹിത്യവും മാറുകയായിരുന്നു. രൂപശില്പം സമഗ്രമായൊരു പരിഷ്കരണത്തിനു വിധേയമായി. ഭാഷയ്ക്കൊപ്പം പ്രമേയവും നവീകരിക്കപ്പെട്ടു. ചിരപരിചിതമായ ശില്പഘടനയിൽനിന്ന് പുറത്തുകടക്കുന്നതിനൊപ്പം സങ്കീർണ്ണമായ സാമൂഹികാന്തരീക്ഷത്തെ പ്രതിഫലിപ്പിക്കുകയെന്നതുകൂടി ഏറ്റെടുത്തുകൊണ്ടാണ് മലയാളസാഹിത്യത്തിൽ ആധുനികതാവാദം വേരുറപ്പിച്ചത്. പുരോഗമനസാഹിത്യപ്രസ്ഥാനം നിലവിലിരുന്ന സാമൂഹിക-രാഷ്ട്രീയാവസ്ഥകളോടു പ്രത്യക്ഷമായിത്തന്നെ പ്രതികരിച്ചപ്പോൾ ആധുനികതാവാദത്തിന്റെ ആദ്യഘട്ടത്തിലെങ്കിലും അത്തരം പ്രതികരണങ്ങൾ പരോക്ഷമായ രീതിയിലാണ് ആവിഷ്കരിക്കപ്പെട്ടത്. കൃതിയുടെ ഉപരിഘടനയ്ക്ക

പ്പുറം ദമിതമായിരിക്കുന്ന പാഠമായിരുന്നു പലപ്പോഴും ആധുനികതാവാദത്തിന്റെ സവിശേഷത. അത്തരമൊരു ആവിഷ്കരണപദ്ധതി ആധുനികതാവാദത്തിനു സങ്കീർണമായൊരു തലം സൃഷ്ടിക്കുകയും ചെയ്തു. ലാവണ്യവാദപരമായ സങ്കല്പങ്ങളിൽ ഒതുങ്ങിനിന്ന സാഹിത്യത്തെ സാമൂഹ്യവും രാഷ്ട്രീയവുമായ തലങ്ങളിലേക്കുയർത്തിയ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന് അടുത്ത പടിയായി സംഭവിക്കാവുന്ന വികാസം തന്നെയായിരുന്നു നമ്മുടെ ആധുനികതാവാദസാഹിത്യപ്രസ്ഥാനം. പുരോഗമനസാഹിത്യപ്രസ്ഥാനം അക്കാലത്തിന്റെ രാഷ്ട്രീയ-സാമൂഹിക താത്പര്യങ്ങളെ യാന്ത്രികമായി ഉല്പാദിപ്പിക്കുന്നതിലാണ് ശ്രദ്ധകൊടുത്തത്. പുതിയ കാലത്തിന്റെ സങ്കീർണതകൾ ആവിഷ്കരിച്ച ആധുനികതാവാദമാകട്ടെ പുരോഗമനക്കാരുടെ പ്രചരണപരത കൈയൊഴിയുകയും തങ്ങളുടെ കാലത്തിന്റെ സങ്കീർണതകളെ സൗന്ദര്യാത്മകമായി ആവിഷ്കരിക്കുകയുമായിരുന്നു. വ്യവസ്ഥിതിയോടുള്ള കഠിനമായ വിയോജിപ്പും രോഷവും പ്രകടിപ്പിക്കാനും സാഹിത്യത്തെ സംബന്ധിച്ച് ഉറച്ചുപോയ ധാരണകളെ പൊളിച്ചെഴുതാനും ആധുനികതാവാദം പുതിയ ആവിഷ്കരണരീതികൾ അന്വേഷിച്ചു. നിലനിൽക്കുന്ന രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയിലുള്ള അവിശ്വാസവും എതിർപ്പും ആധുനികതാവാദരചനകളുടെ പ്രത്യേകതയായിരുന്നു.

ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിലും എഴുപതുകളിലും പുലർന്ന ആധുനികതാവാദഭാവുകത്വത്തെ വിശകലനം ചെയ്യുന്നതിൽ മലയാളസാഹിത്യവിമർശനശാഖ ജാഗ്രതയോടെ പ്രവർത്തിച്ചിട്ടുണ്ട്. ആധുനികതാവാദ (Modernism) ത്തോട് അനുകൂലമായും പ്രതികൂലമായുമുള്ള നിരീക്ഷണങ്ങൾ സാഹിത്യവിമർശകരിൽ നിന്നുമുണ്ടായി. ആധുനികതാവാദത്തെ അനുകൂലിക്കുകയും കഥ, നോവൽ, കവിത, നാടകം എന്നീ മേഖലകളിൽ പ്രത്യക്ഷപ്പെട്ട പുതുരചനകൾ ആസ്വദിക്കുന്നതിന് പുതിയൊരു സൗന്ദര്യാത്മകശിക്ഷണം ആവശ്യമാണെന്നു വിശ്വസിക്കുകയും ചെയ്ത വിഭാഗമാണ് ആധുനികവിമർശകർ/നവീന വിമർശകർ എന്നീ പേരുകളിൽ അറിയപ്പെട്ടത്. വിശകലനരീതികളിൽ വ്യത്യസ്തരായിരുന്നപ്പോഴും ആധുനികതാവാദമെന്ന സവിശേഷ

ഭാവുകത്വത്തിന്റെ വിശാലതയിലേക്ക് ആസ്വാദകർക്കു പ്രവേശനമൊരുക്കുന്നതിലായിരുന്നു അവർ കൂടുതൽ ശ്രദ്ധിച്ചത്. പുതിയ ഭാവുകത്വത്തോട് നിഷേധാത്മകമായ സമീപനം സ്വീകരിച്ച വിമർശകരും ഇവിടെയുണ്ടായിരുന്നു. കലയുടെയും സാഹിത്യത്തിന്റെയും സൗന്ദര്യാത്മകതയിൽ ശ്രദ്ധിക്കുമ്പോഴും യാഥാസ്ഥിതികമായൊരു മൂല്യബോധത്തെ മുറുകെപ്പിടിച്ചവരും കല സമൂഹപുരോഗതിക്കുവേണ്ടിയാണെന്ന നിലപാടിനെ മാർക്സിയൻ ചിന്താപദ്ധതിയുടെ ഭാഗമായി വികസിപ്പിച്ചെടുത്തവരും ആധുനികതാവാദസാഹിത്യത്തെ നിശിതമായി വിമർശിച്ചു. അനുകൂല-പ്രതികൂല വിശകലനങ്ങൾ ആധുനികതാവാദസാഹിത്യത്തെ സംബന്ധിച്ച് പൊതുവായ ചില ധാരണകൾ പ്രചരിക്കുന്ന സ്ഥിതിവിശേഷം സംജാതമാക്കി.

പഠനത്തിന്റെ പ്രസക്തിയും ലക്ഷ്യവും

സാഹിത്യസൃഷ്ടിയും നിരൂപണവും ഭിന്നങ്ങളായ രണ്ടു പ്രക്രിയകളാണ്. എന്നാൽ അവ പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്നതുമാണ്. സാഹിത്യരചനയെ അതിന്റെ എല്ലാ സങ്കീർണ്ണതകളോടും കൂടി അനുഭവിക്കുകയും അതിൽനിന്നു വിലയിരുത്തലിലേക്കെത്തുകയും ചെയ്യുന്ന പ്രവർത്തനമാണ് വിമർശനത്തിൽ നടക്കുന്നത്. സവിശേഷമായ സാഹിത്യഭാവുകത്വത്തിന്റെ പ്രത്യേകതകൾ അപഗ്രഥിക്കാനും സാധാരണ വായനക്കാരന്റെ സാഹിത്യാസ്വാദനപ്രക്രിയയിൽ സ്വാധീനം ചെലുത്താനും പലപ്പോഴും നിരൂപകർക്കു സാധിക്കുന്നു. ആധുനികതാവാദത്തോടും ഈയർത്ഥത്തിലാണ് മലയാളനിരൂപണം ബന്ധപ്പെട്ടിരിക്കുന്നത്. മലയാളത്തിലെ ആധുനികതാവാദസാഹിത്യത്തെ മലയാളസാഹിത്യനിരൂപകർ എങ്ങനെ വിലയിരുത്തിയെന്ന അന്വേഷണത്തിലൂടെ ഈയൊരു ബന്ധത്തെ പരിശോധിക്കുകയാണ് പ്രബന്ധത്തിന്റെ ലക്ഷ്യം.

ആധുനികതാവാദസാഹിത്യത്തെക്കുറിച്ച് നിരവധി പഠനങ്ങൾ ഇതിനകം വന്നുകഴിഞ്ഞിട്ടുണ്ട്. ആധുനികതാവാദസാഹിത്യകാരന്മാരിൽ പലരുടെയും സംഭാവനകൾ സമഗ്രമായി പരിശോധിക്കപ്പെട്ടിട്ടുണ്ട്. ആധുനികതാവാദം മല

യാളത്തിലെ കഥ, കവിത, നോവൽ, നാടകം തുടങ്ങിയ മേഖലകളിൽ എങ്ങ നെയൊക്കെയാണ് പ്രത്യക്ഷമായതെന്ന അന്വേഷണവും നടന്നിട്ടുണ്ട്. സാഹി ത്യവിമർശകരെ പ്രത്യേകമായെടുത്ത് അവരുടെ നിരൂപണത്തിന്റെ പൊതുവായ സവിശേഷതകൾ കണ്ടെത്തുന്ന പഠനങ്ങളും കാണാനാവും. അസ്തിത്വവാദ ത്തിന്റെ സ്വാധീനം ആധുനികതാവാദസാഹിത്യത്തിൽ എങ്ങനെയെല്ലാം പ്രത്യ ക്ഷമായെന്നന്വേഷിക്കുന്ന പഠനങ്ങളും വന്നിട്ടുണ്ട്. എന്നാൽ മലയാളസാഹി ത്യനിരൂപണം ആധുനികതാവാദസാഹിത്യത്തെ എങ്ങനെ നോക്കിക്കണ്ടു വെന്നന്വേഷിക്കുന്ന പഠനങ്ങൾ ഉണ്ടായിട്ടില്ല.ശിവപ്രസാദ് പൊന്നന്റെ 'ആധു നികത മലയാളനിരൂപണത്തിൽ' എന്ന ഗവേഷണപ്രബന്ധം മാത്രമാണ് അപ വാദം. അസ്തിത്വദു:ഖം, നിഷേധവാസന, മൂല്യനിരാസം, സ്വാതന്ത്ര്യബോധം, ആന്തരികത എന്നിവയെ ആധുനികതാപ്രസ്ഥാനത്തിന്റെ സവിശേഷതയായി പരിഗണിക്കുകയും അത്തരം പ്രത്യേകതകൾ കെ.പി. അപ്പൻ, വി. രാജകൃ ഷ്ണൻ, ആർ. നരേന്ദ്രപ്രസാദ് എന്നിവരുടെ സാഹിത്യവിമർശനത്തെ രൂപപ്പെ ടുത്തുന്നതിൽ എത്രമാത്രം സ്വാധീനം ചെലുത്തിയെന്നു താരതമ്യാത്മകമായി പരിശോധിക്കുകയും ചെയ്യുന്നതാണ് പ്രസ്തുത പ്രബന്ധം. ആധുനികതാവാ ദസാഹിത്യം ആധുനികതാവാദഘട്ടനിരൂപകരാൽ എങ്ങനെ വിലയിരുത്തപ്പെ ട്ടുവെന്ന് വിമർശനാത്മകമായി പരിശോധിക്കുന്നതിനുള്ള ശ്രമം ഈ പ്രബ ന്ധത്തിലില്ല. പൂർവ്വപഠനങ്ങളുടെ അഭാവം മലയാളസാഹിത്യത്തിലെ ആധു നികതാവാദത്തെ മലയാളനിരൂപണം എങ്ങനെ വിലയിരുത്തിയെന്ന അന്വേഷ ണത്തെ പ്രസക്തമാക്കുന്നു. അനുകൂലമായും പ്രതികൂലമായും വന്ന നിരീ ക്ഷണങ്ങളെ ചേർത്തുവയ്ക്കുമ്പോൾ മാത്രമാണ് ആധുനികതാവാദസാഹിത്യ ത്തോടുള്ള നിരൂപകപ്രതികരണങ്ങൾക്കു സമഗ്രത കൈവരുന്നത്. ഈയർത്ഥ ത്തിലുള്ള ഒരു പഠനമാണ് പ്രബന്ധം ഉൾക്കൊള്ളുന്നത്.

പഠനരീതി

ആധുനികതാവാദസാഹിത്യത്തോട് മലയാളനിരൂപകരുടെയെല്ലാം പ്രതി കരണം ഒരേ വിധത്തിലായിരുന്നില്ല. വൈവിധ്യമാർന്ന സമീപനങ്ങൾ നമുക്കു

കണ്ടെത്താനാവുന്നു. അതുകൊണ്ടുതന്നെ ഇത്തരം വിമർശസമീപനങ്ങളുടെയും അവയെ മുൻനിർത്തി രൂപപ്പെട്ട സാമാന്യധാരണകളുടെയും ക്രോഡീകരണം ആധുനികതാവാദസാഹിത്യത്തോടു മലയാളനിരൂപണം സ്വീകരിച്ച സമീപനത്തിന്റെ അപഗ്രഥനത്തിൽ പ്രസക്തമായിത്തീരുന്നു. എന്നാൽ അത്തരമൊരു വർഗീകരണത്തിനു പരിമിതികളും നിലനിൽക്കുന്നു. ആധുനികതാവാദസാഹിത്യത്തോടുള്ള നിരൂപകപ്രതികരണങ്ങൾക്ക് വ്യതിരിക്തമായ മൂന്നുഘട്ടങ്ങളുണ്ടെന്നതാണ് അത്. ആധുനികതാവാദസാഹിത്യം പ്രബലമായിരുന്ന ഘട്ടത്തിൽ ആ ഭാവുകത്വത്തെ അനുകൂലിക്കുകയൊ എതിർക്കുകയൊ ചെയ്ത നിരൂപകരടങ്ങുന്നതാണ് പ്രഥമഘട്ടം. ഇത്തരത്തിൽ വേറിട്ടുനിൽക്കുന്ന ഒരു സമീപനരീതി ദ്വിതീയഘട്ടത്തിൽ കാണുന്നില്ല. പ്രഥമഘട്ടനിരൂപണത്തിനു സമാന്തരമായി നീങ്ങുകയും വേറിട്ടൊരു ചിന്ത അവതരിപ്പിക്കുകയും ചെയ്ത മാർക്സിസ്റ്റുനിരൂപകരുടെ രണ്ടാംതലമുറയാണ് ദ്വിതീയഘട്ടത്തിൽപ്പെടുന്നത്. സമകാലിക സാഹിത്യസിദ്ധാന്തങ്ങളെ ആശ്രയിച്ചുള്ള വിമർശനപദ്ധതികളും അക്കാദമികപഠനങ്ങളും ഉൾക്കൊള്ളുന്നതാണ് മൂന്നാംഘട്ടം. ഒന്നാംഘട്ടത്തിലെ വിമർശകരുടെ നിലപാടുകളോടും നിരീക്ഷണങ്ങളോടുമുള്ള പ്രതികരണങ്ങളെന്ന നില രണ്ടും മൂന്നും ഘട്ടത്തിന്റെ പൊതുസ്വഭാവമായും കാണാൻ സാധിക്കും. അതുകൊണ്ടുതന്നെ ഈ പ്രബന്ധം മുഖ്യപരിഗണന നൽകിയിരിക്കുന്നത് ആധുനികതാവാദഘട്ടത്തിൽ അനുകൂലം-പ്രതികൂലം എന്നിങ്ങനെ വേറിട്ടു നീങ്ങിയ വിമർശകധാരകൾ ആധുനികതാവാദസാഹിത്യസംബന്ധിയായി നടത്തിയ നിരീക്ഷണങ്ങളുടെ വിമർശനാത്മകാപഗ്രഥനത്തിനാണ്. അതിനായി കെ.പി. അപ്പൻ, ആർ.നരേന്ദ്രപ്രസാദ്, എസ്. ഗുപ്തൻനായർ, പവനൻ എന്നിവരുടെ ആധുനികതാവാദസാഹിത്യസംബന്ധിയായ നിരീക്ഷണങ്ങളെ പ്രത്യേകമായെടുത്ത് പരിശോധിച്ചിരിക്കുന്നു. പ്രഥമഘട്ടനിരൂപകരായ ഇവരുടെ വീക്ഷണങ്ങളെ അപഗ്രഥിക്കുന്നതിനായി ദ്വിതീയ-തൃതീയഘട്ട നിരൂപകർ ആധുനികതാവാദസാഹിത്യരചനകളെ മുൻനിർത്തി നടത്തിയിട്ടുള്ള നിരീക്ഷണങ്ങളെ ഉപയോഗപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ആധുനികതാവാദസാഹിത്യത്തോട് അനുകൂലം-പ്രതികൂലം എന്നിങ്ങ

നെയുള്ള സമീപനം പിന്തുടർന്ന നിരൂപകരുടെ നിരീക്ഷണങ്ങളെ വിമർശനാത്മകമായി പരിശോധിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ആധുനികതാവാദരചനകൾക്ക് പിൽക്കാലത്തുണ്ടായ പുനർവായനകൾ ഈ പ്രബന്ധത്തിൽ ചേർത്തിട്ടുള്ളത്. കഥ, നോവൽ, കവിത എന്നീ മേഖലകൾ മാത്രം പരിഗണിക്കുകയും സാഹിത്യകാരന്മാരെയും രചനകളെയും പ്രാതിനിധ്യസ്വഭാവത്തോടെ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ആധുനികതാവാദസാഹിത്യരചനകൾക്കുണ്ടായിട്ടുള്ള പുനർവായനകളെല്ലാം സംഗ്രഹിക്കുകയെന്നതിനേക്കാൾ പ്രഥമഘട്ട നിരൂപകരുടെ നിരീക്ഷണങ്ങളിൽനിന്നു ഭിന്നമായി പിൽക്കാലനിരൂപകരിലൂടെ ആധുനികതാവാദസാഹിത്യത്തിനു വന്നുചേർന്ന പുതിയ അർത്ഥസാധ്യതകളുടെ ക്രോഡീകരണമാണ് ലക്ഷ്യം വയ്ക്കുന്നത്.

മലയാളത്തിൽ ആധുനികതാപ്രസ്ഥാനം, 'ആധുനികത' എന്നിങ്ങനെ വിശേഷിപ്പിക്കപ്പെട്ടുകാണുന്ന 'മോഡേണിസ'മെന്ന കലാസാഹിത്യപ്രവണതയെ കുറിക്കുവാൻ 'ആധുനികതാവാദം' എന്ന സംജ്ഞയാണ് പ്രബന്ധത്തിൽ ഉപയോഗിച്ചിട്ടുള്ളത്. കഴിഞ്ഞ രണ്ടു നൂറ്റാണ്ടിന്റെയെങ്കിലും സാമൂഹ്യചരിത്രാനുഭവത്തെ ഉൾക്കൊള്ളുന്ന 'മോഡേണിറ്റി'യെ സൂചിപ്പിക്കുന്നതിനായി 'ആധുനികത'യെന്ന പദവും സ്വീകരിച്ചിരിക്കുന്നു. നമ്മുടെ ആധുനികതാവാദസാഹിത്യവിശകലനങ്ങളിൽ 'ആധുനികത'യെന്ന പദം 'മോഡേണിസ'ത്തിനു തുല്യമായി പ്രയോഗിച്ചുപോന്നിരിക്കുന്നതിനാൽ മുൻകാലങ്ങളിൽ വന്ന അഭിപ്രായങ്ങളും നിരീക്ഷണങ്ങളും ഉൾക്കൊള്ളുന്ന ഉദ്ധരണികളിലും അത്തരം നിരീക്ഷണങ്ങളോടുള്ള പിൽക്കാല പ്രതികരണങ്ങൾ ഉദ്ധരിക്കേണ്ടിവരുമ്പോഴും ചിലയിടങ്ങളിലെങ്കിലും 'ആധുനികത'യെന്ന പദം കടന്നുവന്നിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിലെല്ലാം ആധുനികതാവാദമെന്ന അർത്ഥത്തിൽ തന്നെയാണ് അവയുടെ നിലനിൽപ്.

പ്രബന്ധഘടന

പ്രബന്ധത്തിന് മൂന്ന് അദ്ധ്യായങ്ങളാണുള്ളത്. മലയാളസാഹിത്യത്തിലെ ആധുനികതാവാദത്തോടുള്ള ആധുനികതാവാദഘട്ടനിരൂപകരുടെ

(പ്രഥമഘട്ടനിരൂപകരുടെ) പ്രതികരണങ്ങളാണ് 'ആധുനികതാവാദസാഹിത്യ വും മലയാളനിരൂപണവും' എന്ന ഒന്നാം അദ്ധ്യായത്തിൽ ക്രോഡീകരിച്ചിരി ക്കുന്നത്. അനുകൂല-പ്രതികൂല ധാരകളിൽനിന്നും സമീപനവൈവിധ്യം മുൻനിർത്തി രണ്ടു നിരൂപകരെ വീതം തെരഞ്ഞെടുക്കുകയും ആധുനികതാ വാദസാഹിത്യസംബന്ധിയായ അവരുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു.ആധുനികതാവാദാനുകൂലസമീപനം സ്വീകരിക്കുമ്പോഴും വിശകലനസ്വഭാവത്തിൽ വ്യതിരിക്തത പുലർത്തിയ കെ.പി.അപ്പൻ, ആർ.നരേ ന്ദ്രപ്രസാദ് എന്നിവരെയാണ് അനുകൂലവിഭാഗത്തിൽ പരിഗണിച്ചിരിക്കുന്നത്. കെ.പി.അപ്പനെ ദാർശനികവും സൗന്ദര്യാത്മകവുമായ നിരൂപണപദ്ധതി പിന്തുടർന്നവരുടെ പ്രതിനിധിയെന്ന നിലയിലും നരേന്ദ്രപ്രസാദിനെ സാമൂ ഹ്യാനുഭൂതിനിഷ്ഠസമീപനം സ്വീകരിച്ചവരുടെ പ്രതിനിധിയെന്ന നിലയിലും ആണ് വിശകലനത്തിനു വിധേയമാക്കിയിട്ടുള്ളത്.പ്രതികൂല സമീപനം പിന്തുടർന്നവരിൽ നിന്നും എസ്. ഗുപ്തൻനായർ, പവനൻ എന്നിവരെയാണ് പ്രത്യേകമായി പരിഗണിച്ചിട്ടുള്ളത്.യാഥാസ്ഥിതികവും സൗന്ദര്യാത്മകവുമായ നിരൂപണപദ്ധതി പിന്തുടർന്നവരെയും മാർക്സിയൻ വിമർശകരുടെ ഒന്നാം തലമുറയെയും യഥാക്രമം ഇവർ പ്രതിനിധീകരിക്കുന്നു.

ആധുനികതാവാദഘട്ടത്തിൽ പ്രബലമായിരുന്ന അനുകൂല-പ്രതികൂല നിരൂപണം കണ്ടെത്തിയ വസ്തുതകളിൽ ഒതുങ്ങി നിൽക്കുന്നതായിരുന്നോ ആധുനികതാവാദസാഹിത്യമെന്ന അന്വേഷണമാണ് 'ആധുനികതാവാദ സാഹിത്യം-പുനർവായനയും പുനരന്വേഷണവും' എന്ന രണ്ടാം അദ്ധ്യായം. മാർക്സിസ്റ്റു നിരൂപകരുടെ രണ്ടാംതലമുറയെയുൾക്കൊള്ളുന്ന ദ്വിതീയഘട്ട നിരൂപണത്തിന്റെയും പുതിയകാലത്തിന്റെ ജ്ഞാനരൂപങ്ങളെ ആശ്രയിച്ചു നിൽക്കുന്ന തൃതീയഘട്ട നിരൂപണത്തിന്റെയും നിരീക്ഷണങ്ങളെയാണ് അതി നായി ആശ്രയിക്കുന്നത്. ഈ നിരൂപകരുടെ പുനർവായനകളിലൂടെയും അക്കാ ദമിക് തലത്തിൽ നടന്നുവരുന്ന ഗവേഷണങ്ങളിലൂടെയും ആധുനികതാവാദ സാഹിത്യത്തിനു കൈവന്ന പുതിയ അർത്ഥസാധ്യതകളെ 'സാമൂഹ്യരാഷ്ട്രീയ ജാഗ്രത' എന്ന നിലയിൽ ക്രോഡീകരിച്ചിരിക്കുന്നു.ആധുനികതാവാദ കഥ/

നോവൽ സാഹിത്യത്തിൽ ശ്രദ്ധേയരായ ഒ.വി.വിജയൻ, കാക്കനാടൻ, എം. മുകുന്ദൻ, ആനന്ദ് , സേതു,സക്കറിയ, വി.കെ.എൻ, പുനത്തിൽ കുഞ്ഞബ്ദുള്ള, എം.പി.നാരായണപിള്ള,പട്ടത്തുവിള കരുണാകരൻ, എം.സുകുമാരൻ എന്നിവരുടെ രചനകളെ ആവിഷ്കരണസ്വഭാവത്തിലെ വൈവിധ്യം മുൻനിർത്തി ദമിതം,പ്രച്ഛന്നം,പ്രകടം എന്നിങ്ങനെ വിഭജിക്കുകയും പുനർവായനകളിലൂടെ കരഗതമായ സാമൂഹ്യവും രാഷ്ട്രീയവുമായ വിവക്ഷകൾ വ്യക്തമാക്കുകയും ചെയ്യുന്നു. ആധുനികതാവാദ കവിതകളുടെ ശില്പപരവും പ്രമേയപരവുമായ നവീനതയെ സാമൂഹ്യ രാഷ്ട്രീയാവസ്ഥകളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്ത ദ്വിതീയ-തൃതീയഘട്ട നിരൂപകരുടെ കണ്ടെത്തലുകളെ നഗര സംസ്കാരത്തിന്റെ ആസുരതകൾ,ഗ്രാമത്തിന്റെ ഭാവഭേദങ്ങൾ, ജീർണതയും ദുഷിപ്പും,രാഷ്ട്രീയോപഹാസം, വിപ്ളവചിന്തയും വിമോചനവാഞ്ഛയും എന്നിങ്ങനെ വേർതിരിച്ചാണ് വിശദീകരിച്ചിരിക്കുന്നത്.

ആധുനികതാവാദസാഹിത്യസംബന്ധിയായി ദ്വിതീയ-തൃതീയഘട്ട നിരൂപകർ പിൽക്കാലത്തു വെളിപ്പെടുത്തിയ വസ്തുതകളെ മുൻനിർത്തി പ്രഥമഘട്ടനിരൂപണത്തെ വിമർശനാത്മകമായി പരിശോധിക്കുന്നതാണ് 'വിചിന്തനവും വിശകലനവും' എന്ന മൂന്നാം അദ്ധ്യായം. രണ്ടുഭാഗങ്ങളായി തിരിച്ചാണ് അപഗ്രഥനം നിർവഹിച്ചിരിക്കുന്നത്. ഒന്നാം ഭാഗം ആധുനികതാവാദ ഭാവുകത്വസംബന്ധിയായ വിശകലനവും രണ്ടാം ഭാഗം വിമർശകനിലപാടുകളുടെ വിചിന്തനവുമാണ്.ആധുനികതാവാദസാഹിത്യത്തിന്റെ വൈവിധ്യങ്ങൾ, കേരളീയപരിസരം എന്നിവ ഒന്നാം ഭാഗത്ത് വിശകലനം ചെയ്യുന്നു.സാഹിത്യത്തെയും വിമർശനത്തെയും സംബന്ധിച്ച് പ്രഥമ - ദ്വിതീയ - തൃതീയഘട്ട നിരൂപകർ പിന്തുടർന്ന നിലപാടുകളിലെ വൈവിധ്യങ്ങൾ ആധുനികതാവാദസാഹിത്യവിശകലനങ്ങളിൽ എങ്ങനെയെല്ലാം സ്വാധീനം ചെലുത്തിയെന്നും ആധുനികതാവാദസാഹിത്യസംബന്ധിയായ അവരുടെ നിരൂപണങ്ങളുടെ ശക്തി ദൗർബല്യങ്ങളെ നിർണയിക്കുന്നതിൽ പങ്കുവഹിച്ചുവെന്നുമുള്ള വിചിന്തനമാണ് രണ്ടാം ഭാഗം ഉൾക്കൊള്ളുന്നത്.

പഠനത്തിലൂടെ അഭിവ്യക്തമായ നിഗമനങ്ങളും ഉപദർശനങ്ങളും ഉപ സംഹാരത്തിൽ അവതരിപ്പിക്കുന്നു. പ്രഥമഘട്ടനിരൂപകരിലൂടെ ആധുനികതാ വാദസാഹിത്യം സവിശേഷമായ ഒരു സാമാന്യവത്കരണത്തിനു വിധേയ മാക്കപ്പെടുകയായിരുന്നു.അത്തരമൊരു സാമാന്യവത്കരണത്തിന്റെ പരിമിതി കൾ വ്യക്തമാക്കുന്നതിനും ആധുനികതാവാദസാഹിത്യത്തിന്റെ സാമൂഹ്യ രാഷ്ട്രീയജാഗ്രത, വൈവിധ്യങ്ങൾ,കേരളീയപരിസരം എന്നിവ വിശദീകരി ക്കുന്നതിനും ആധുനികതാവാദസാഹിത്യത്തോടുള്ള മലയാളസാഹിത്യ നിരൂപകരുടെ വൈവിധ്യമാർന്ന സമീപനങ്ങളെ ക്രോഡീകരിക്കുന്നതിനും ഈ പഠനത്തിനു കഴിഞ്ഞുവെന്ന് ഗവേഷണനിഗമനങ്ങളിലൂടെ വ്യക്തമാകുന്നു. പ്രബന്ധത്തിന്റെ അവസാനഭാഗത്ത് പഠനത്തിനു സഹായകമായ വിവിധ ഗ്രന്ഥങ്ങളെയും ആനുകാലികങ്ങളെയും പരാമർശിക്കുന്ന ഗ്രന്ഥസൂചിയും നൽകിയിരിക്കുന്നു.